## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്:- ഇന്ദിരാ ആവാസ് യോജന പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ ക്ക് നൽകി വരുന്ന ഭവന നിർമ്മാണ ധനസഹായം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(കൈ)നം.2/2012/തസ്വഭവ തിരുവനന്തപുരം, തീയതി,02/01/2012

---

പരാമർശം:-1. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 15-09-2011-ലെ സ.ഉ.(കൈ)93/2011/പ.ജ: പ.വ. വിവ.

2. 23-11-2011-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 2-ാം നമ്പർ തീരുമാനം.

3. ഗ്രാമവികസന കമ്മീഷണറുടെ 24-11-2011-ലെ 22148/ ജെ.ആർ.വൈ.1/11/സി.ആർ.ഡി. നമ്പർ അർദ്ധഔദ്യോഗിക കത്ത്.

### ഉത്തരവ്

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകി വരുന്ന ഭവന നിർമ്മാണ ധനസഹായം യഥാക്രമം 1,00,000/-(ഒരു ലക്ഷം) രൂപയും 1,25,000/-(ഒന്നേകാൽ ലക്ഷം) രൂപയും ആയിരുന്നത് 2,00,000/-(രണ്ടു ലക്ഷം) രൂപയും 2,50,000/-(രണ്ടര ലക്ഷം ) രൂപയുമായി മേൽ പരാമർശം ഒന്നു പ്രകാരം വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിനായി ഇപ്പോൾ യഥാക്രമം നൽകി വരുന്ന ധനസഹായമായ 1 ലക്ഷം രൂപയും 1.25 ലക്ഷം രൂപയുമെന്നുള്ളത് 2.00 ലക്ഷം രൂപയും 2.50 ലക്ഷം രൂപയും ആയി വർദ്ധിപ്പിക്കണമെന്ന് മേൽ പരാമർശം മൂന്ന് പ്രകാരം ഗ്രാമവികസന കമ്മീഷണർ നിർദ്ദേശം സമർപ്പിക്കുകയുണ്ടായി.

പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് നൽകുന്ന പുതുക്കിയ നിരക്കിലുള്ള ഭവന നിർമ്മാണ ധനസഹായം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് കൂടി ഈ ധനകാര്യ വർഷം തന്നെ ബാധകമാക്കുന്നതിന് പരാമർശം രണ്ടു പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ച ശേഷം ഗ്രാമവികസന വകുപ്പു മുഖേന നടപ്പിലാക്കി വരുന്ന ഇന്ദിരാ ആവാസ് യോജനയുടെ പട്ടികജാതി പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കുള്ള ഭവന നിർമ്മാണ ധനസഹായം യഥാക്രമം രണ്ടു ലക്ഷം രൂപയും 2.50 ലക്ഷം രൂപയുമായി താഴെ ചേർത്തിരിക്കുന്ന വ്യവസ്ഥകളോടെ വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

(i) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ധനസഹായ വർദ്ധനക്ക് അനുവാദം നൽകിയ 15-09-2011 മുതൽ ഈ ഉത്തരവിന് മുൻകാല പ്രാബല്യമുണ്ടായിരിക്കും.

(ii) ഇതുമൂലം ഉണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത ഇപ്പോൾ നിലവിലുള്ള അനുപാതമായ 25:50:25 എന്ന നിരക്കിൽ ഗ്രാമ, ബ്ളോക്ക്, ജില്ലാ പഞ്ചായത്തുകൾ വഹിയ്ക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ജെയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
4. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
6. അക്കൗണ്ടന്റ് ജനറൽ (എ. & ഇ), തിരുവനന്തപുരം.
7. തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ്.
8. എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും. (ഗ്രാമവികസന കമ്മീഷണർ മുഖേന)
9. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
10. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും. (പഞ്ചായത്ത് ഡയറക്ടർ മുഖേന)
11. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

പകർപ്പ്:-1. ഗ്രാമവികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.-യ്ക്ക്.
3. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.-യ്ക്ക്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.